(ബി) ഈ പദ്ധതി പ്രകാരം ഓരോ പഞ്ചായത്തിലും എത്രപേരെ വീതമാണ് ഹൗസിംഗ് ബോർഡ് സ്പോൺസർ ചെയ്യുന്നത് ;

(സി) എത്രപേർക്ക് വീതം സൗജന്യധനസഹായം നല്കുന്നതിന് ബോർഡ് ഉദ്ദേശിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇതിനകം എത്ര പഞ്ചായത്തുകളിൽ എത്രപേർക്ക് ബോർഡ് സൗജന്യമായി ഭവന നിർമ്മാണ ധനസഹായം മൈത്രി ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണം നടത്തിയിട്ടുണ്ട് ;

(ഇ) ഇതിന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് എന്തു മാനദണ്ഡമാണ് ബോർഡ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഹൗസിംഗ് ബോർഡിന് സമ്പൂർണ്ണ ഭവന പദ്ധതി 14 ജില്ലകളിലെ ഓരോരോ പഞ്ചായത്തിലാണ് നടപ്പിലാക്കുന്നത്.

(ബി&സി) ഓരോ പഞ്ചായത്തിലും മൈത്രി ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി 25 പേരെ വീതമാണ് സ്പോൺസർ ചെയ്യുന്നത്.

(ഡി) ഇതിനകം 4 പഞ്ചായത്തുകളിൽ 98 പേർക്ക് വായ്പാനുമതി നല്കിയിട്ടുണ്ട്.

(ഇ) സർവ്വേയുടെ അടിസ്ഥാനത്തിൽ ഏറ്റവും ദുർബലരായവരെയാണ് ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നത്.

തണൽ സമ്പൂർണ്ണ ഭവന പദ്ധതി

152 (2133) ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തണൽ സമ്പൂർണ്ണ ഭവനപദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനായി എത്ര കോടിരൂപ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തെ ഓരോ ബ്ലോക്കിനും അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതിയാണ് മണൽ പദ്ധതി 90 കോടി രൂപയുടെ വായ്പയാണ് നല്കുന്നത്.

മൈത്രി നിക്ഷേപ പദ്ധതി

153 (2134) ശ്രീ. കെ. ബാബു :
ശ്രീമതി രാധാരാഘവൻ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. വി. ബാലറാം : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) മൈത്രി നിക്ഷേപ പദ്ധതിപ്രകാരം പഞ്ചായത്തുകളിൽ നിന്നും സ്പോൺസർമാരിൽ നിന്നും ഇതുവരെ എത്ര രൂപ നിക്ഷേപമായി കിട്ടിയിട്ടുണ്ട് ;

(ബി) സർക്കാർ വിജ്ഞാപനത്തിൽ പറയുന്നതിൽ പ്രകാരം ഈ നിക്ഷേപങ്ങൾ പുനർനിക്ഷേപം നടത്തിയിട്ടുണ്ടോ ;

(സി) പുനർനിക്ഷേപം നടത്തിയിട്ടുണ്ടെങ്കിൽ നിക്ഷേപിച്ചിരിക്കുന്ന സ്ഥാപനത്തിന്റെ ലേപലും തുകയും നിക്ഷേപ തീയതിയും വ്യക്തമാക്കാമോ ;

(ഡി) പുനർനിക്ഷേപം നടത്തിയിട്ടില്ലെങ്കിൽ എന്തുകൊണ്ട് ;

(ഇ) പ്രസ്തുത തുക മറ്റ് പദ്ധതികളിൽ ആദായകരമായി നിക്ഷേപിച്ചിട്ടുണ്ടെങ്കിൽ ഏതൊക്കെ പദ്ധതികളിൽ എത്ര രൂപ വീതം നിക്ഷേപിച്ചിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മൈത്രി നിക്ഷേപ പദ്ധതി പ്രകാരം പഞ്ചായത്തുകളിൽ നിന്നും സ്പോൺസർമാരിൽ നിന്നുമായി മൊത്തം 117.27 കോടി രൂപ നിക്ഷേപമായി കിട്ടിയിട്ടുണ്ട്.

(ബി-ഇ) പുനർനിക്ഷേപം നടത്തിയിട്ടില്ല. പ്രസ്തുത തുക ഭവനനിർമ്മാണ ബോർഡ് ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ നടത്തിപ്പിനായി വിനിയോഗിക്കുകയാണ് ചെയ്യുന്നത്.

സന്നദ്ധ സംഘടനകളുടെ സഹായത്തോടുകൂടിയുള്ള ഗൃഹനിർമ്മാണം

154 (2136) ശ്രീ. ഉമ്മൻ ചാണ്ടി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സന്നദ്ധ സംഘടനകളുടെ സഹായത്തോടുകൂടി സ്വന്തമായി വീടില്ലാത്തവർക്ക് വീട് ഉണ്ടാക്കിക്കൊടുക്കുന്ന എന്തെല്ലാം സ്കീമുകൾ ഈ ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സ്കീമുകൾക്കനുസരിച്ച് എത്ര രൂപയുടെ സഹായം ലഭിച്ചിട്ടുണ്ടെന്നും എത്ര വീടുകളുടെ പണി പൂർത്തിയായിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) വടക്കേ അമേരിക്കയിലെ മലയാളി സംഘടനകളുടെ ഫെഡറേഷനായ ഫൊക്കാനാ ഭവനനിർമ്മാണത്തിന് വേണ്ടി എത്ര രൂപ നല്കിയിട്ടുണ്ടെന്നും ഈ തുക ഉപയോഗിച്ച് എത്ര വീടുകളുടെ പണി പൂർത്തീകരിച്ചു എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) മൈത്രി പദ്ധതിയിൽ സന്നദ്ധസംഘടനകളുമായി യോജിച്ചുള്ള താഴെ പറയുന്ന സ്കീമുകൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly